# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LIV - JK 104 | 2026 June 28 | No. 8


## CIRCULAR - 11

# യുവജനദിനം
## 2026 ജൂലൈ 5, ഞായർ

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ജൂലൈ മാസം യുവജനമാസമായി ആചരിക്കുകയാണല്ലോ. ഈ വർഷം ജൂലൈ അഞ്ചാം തീയതി ഞായറാഴ്ചയാണ് യുവജനദിനം. യുവജനദിനം സമുചിതമായി ആചരിക്കുവാൻ ബഹുമാനപ്പെട്ട വൈദികരും ഇടവകകളിലെ യുവജന സംഘടനകളും യൂത്ത് കോർഡിനേറ്റർമാരും പ്രത്യേകം മുൻകൈയെടുക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

അന്നേദിനം യുവജനങ്ങൾ ദിവ്യബലിക്ക് നേതൃത്വം നൽകേണ്ടതും, തുടർന്ന് ദൈവാലയങ്കണത്തിൽ ഇടവകയിൽ പ്രവർത്തിക്കുന്ന യുവജന സംഘടനയുടെ പതാക ഉയർത്തുകയും ചെയ്യണം.

യുവജനങ്ങളുടെ പൊതുവായ കൂടിച്ചേരലിന് അവസരം ഒരുക്കാവുന്നതും സംഘടിതമായി മുന്നേറേണ്ടതിന്റെ അവബോധം

ഉണർത്തുന്ന ക്ലാസുകൾ, യുവജനങ്ങളുടെ കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കാവുന്നതുമാണ്.

കൂടാതെ, രക്തദാന ക്യാമ്പ്, ഇടവകയിലെ ഭവനങ്ങളിൽ നിന്ന് ഭക്ഷണ പൊതികൾ ശേഖരിച്ച് തെരുവിൽ കഴിയുന്ന മനുഷ്യർക്ക് വിതരണം ചെയ്യൽ, ദൈവാലയ പരിസരമോ പൊതുസ്ഥലങ്ങളോ ശുചീകരണം, ശ്രമദാനങ്ങൾ, അനാഥമന്ദിര സന്ദർശനം, പഠനോ പകരണങ്ങളുടെ വിതരണം ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ ഓരോ ഇടവകയുടെയും സാഹചര്യാനുസരണം ആലോചിച്ച് നടപ്പിലാ ക്കാവുന്നതാണ്. അന്നേദിനം മനോഹരവും വർണ്ണാഭവും ആക്കുന്ന തിനുള്ള അലങ്കാരങ്ങൾ ദൈവാലയവും പരിസരവുമായി ബന്ധപ്പെട്ട് നിർവഹിക്കുന്നത് അഭികാമ്യമായിരിക്കും.

അതോടൊപ്പം എല്ലാ വർഷത്തെയുംപോലെ, അതിരൂപതാതല യുവജനസംഗമം - **Illuminate 2026** ആഗസ്റ്റ് 23-ാം തീയതി ഞായ റാഴ്ച ഉച്ചയ്ക്കുശേഷം 2 മണി മുതൽ കാക്കനാട് സെന്റ് മൈക്കിൾസ് പാരിഷ്ഹാളിൽ വച്ച് നടത്തപ്പെടുന്നതാണ്. ഓരോ ഇടവകയിലേയും മുഴുവൻ യുവജനങ്ങളെയും അതിൽ പങ്കെടുപ്പിക്കാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്ന് ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പി ക്കുന്നു. അന്നേദിനം ഇടവകകളിൽ യുവജനങ്ങൾക്കായി മറ്റു പരിപാടികൾ ആസൂത്രണം ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

**Illuminate 2026** യുവജനസംഗമത്തിൽ ഏറ്റവും കൂടുതൽ യുവജനങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകകൾക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾ നിങ്ങളെ പിന്നീട് അറിയിക്കുന്നതാണ്.

ഏഴു വർഷക്കാലം യുവജനകമ്മീഷൻ ഡയറക്ടറായി നിസ്തു ലമായ സേവനം കാഴ്ചവച്ച ബഹു. ജിജു ക്ലീറ്റസ് തിയ്യാടി അച്ചന് ഞാൻ നന്ദി പറയുന്നു. പുതിയ യുവജനകമ്മീഷൻ ഡയറക്ടർ ബഹു. പ്രസാദ് ജോസ് കാനപ്പിള്ളി അച്ചന് ആശംസകൾ നേരുകയും ചെയ്യുന്നു.

യുവജനദിനത്തോടനുബന്ധിച്ച് കെ.സി.ബി.സി. യുവജന കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ ചുവടെ ചേർക്കുന്നു. ഈ സർക്കുലറിന്റെ ഉള്ളടക്കം **2026 ജൂലൈ 5-ാം തീയതി ഞായറാഴ്ച** ദിവ്യബലിമധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2026 ജൂൺ 28-ാം തീയതി.

എറണാകുളം
28.06.2026

✠ **ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

# 2026 ജൂലൈ 5 യുവജനദിനം
## കെസിബിസി യുവജന കമ്മീഷൻ സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

സഭയുടെ ജീവനും പ്രത്യാശയുമായ നമ്മുടെ യുവജനങ്ങളെ സ്നേഹപൂർവ്വം ചേർത്തുപിടിക്കുന്നതിനായി സഭ ഒരുക്കുന്ന ദിനമാണല്ലോ യുവജനദിനം. ജൂലൈ മാസം മൂന്നാം തീയതിക്ക് ശേഷം വരുന്ന ഞായറാഴ്ചയാണ് കേരളസഭ യുവജനദിനമായി ആചരിക്കുന്നത്. അതനുസരിച്ച്, ഈ വർഷം ജൂലൈ അഞ്ചാം തീയതി നാം ഭാരത കത്തോലിക്കാ സഭയോട് ചേർന്ന് വിപുലമായ രീതിയിൽ യുവജനദിനമായി ആഘോഷിക്കുന്നു.

കത്തോലിക്കാ സഭയിലെ വിവിധ യുവജന സംഘടനകളുടെ ഏകോപനവും പരസ്പര കൂട്ടായ്മയുമാണ് ഈ നാളുകളിൽ നാം പ്രധാനമായും ലക്ഷ്യം വെയ്ക്കുന്നത്. രൂപതകളിലും ഇടവകകളിലും പ്രവർത്തിക്കുന്ന വിവിധ യുവജന പ്രസ്ഥാനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട്, സഭയുടെ സുവിശേഷ ദൗത്യത്തിൽ അവരെ ഒരൊറ്റ മനസ്സോടെ അണിനിരത്താൻ ഈ ദിനാചരണം നമുക്ക് വഴിയൊരുക്കണം.

കൃത്യമായ പരിശീലനങ്ങളിലൂടെയും ആഴമേറിയ കൂട്ടായ്മകളിലൂടെയും യുവജന സംഘടനകൾ ശാക്തീകരിക്കപ്പെടേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. സഭയോട് ചേർന്നുനിന്നു രാഷ്ട്രത്തിനും ആഗോള സമൂഹത്തിനും ക്രിയാത്മക സംഭാവനകൾ നല്കുന്നവരായി മാറാൻ യുവജനങ്ങൾ കൂടുതൽ മികവോടെ പ്രവർത്തന നിരതരാകേണ്ടതുണ്ട്. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളോട് പൂർണ്ണമായി ചേർന്നുനിൽക്കാനും, വിപരീത പ്രത്യയശാസ്ത്രങ്ങളുടെ പ്രലോഭനങ്ങളിൽ വീഴാതെ സഭാത്മകത കാത്തുസൂക്ഷിക്കാനും യുവജനങ്ങൾ ശ്രദ്ധിക്കണം. ഇടവക തലങ്ങളിലെ സംഘടനാ പ്രവർത്തന ങ്ങളിൽ കൂടുതൽ ആവേശത്തോടെയും ഉണർവോടെയും പങ്കുചേരാൻ യുവജനങ്ങൾ തയ്യാറാകണം.

വിവിധ ആനുകാലിക വിഷയങ്ങളെകുറിച്ച് ആഴത്തിൽ മനസിലാക്കുന്നതിൽ യുവജനത പുറകോട്ട് പോകരുത്. ക്രിസ്തുവിന്റെ

മനോഭാവത്തോടെ സമാധാനവും കൂട്ടായ്മയും നീതിയും ധാർമിക തയും ജാഗ്രതയും അടിസ്ഥാനപ്പെടുത്തിയുള്ള യുവജനതയുടെ വ്യക്തമായ നിലപാടുകളും പ്രതികരണങ്ങളും ലോകമനസ്സാക്ഷിയുടെ സ്വരമാണ്. സുവിശേഷത്തിലെ നല്ല സമറിയാക്കാരനെപ്പോലെ കരുത ലിന്റെയും സ്നേഹത്തിന്റെയും പ്രവർത്തികളാൽ നിസംഗതയുടെയും അന്യവത്കരണത്തിന്റെയും വളർന്നുവരുന്ന സമീപനങ്ങളെ അതിജീവിക്കാൻ യുവത്വത്തിന് കഴിയും.

ഈ വർഷം ആഗോള കത്തോലിക്കാ സഭ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ആത്മീയ ചൈതന്യത്തെ മുൻനിർത്തി 'ഫ്രാൻസി സ്കൻ വർഷം' ആയി ആചരിക്കുകയാണല്ലോ. ഈ ആചരണത്തിന്റെ ഭാഗമായി, നമ്മുടെ യുവജനങ്ങൾ പ്രകൃതിയോട് കൂടുതൽ ചേർന്നു നിൽക്കാനും ഈ ഭൂമിയുടെ കാവൽക്കാരായി മാറാനും പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പ ആഹ്വാനം ചെയ്യുന്നു. പ്രകൃതിയെ ചൂഷണം ചെയ്യുന്ന സ്വാർത്ഥത വെടിഞ്ഞ്, സൃഷ്ടപ്രപഞ്ച ത്തിന്റെയും ഭാവിതലമുറയുടെയും സംരക്ഷകരാകാൻ യുവതലമുറ മുന്നോട്ടുവരണം. സമൂഹത്തിൽ സമാധാനത്തിന്റെ ദൂതരായും നീതിയുടെ പ്രവാചകരായും മാറാൻ ഫ്രാൻസിസ്കൻ വർഷം നമ്മുടെ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നു. അശാന്തിയും വിദ്വേഷവും പടരുന്ന ആധുനിക ലോകത്തിൽ, ക്രിസ്തുവിന്റെ സമാധാനം വിതറുന്നവരും പാർശ്വവൽക്കരിക്ക പ്പെട്ടവരുടെ നീതിക്കായി ശബ്ദമുയർത്തുന്ന പ്രവാചക ശബ്ദങ്ങളുമായി മാറാൻ നമ്മുടെ യുവതലമുറയ്ക്ക് സാധിക്കണം.

ആധുനിക ലോകത്തെ വിസ്മയിപ്പിക്കുന്ന 'നിർമ്മിത ബുദ്ധി' എ.ഐ സാങ്കേതികവിദ്യയെക്കുറിച്ച് പരിശുദ്ധ ലിയോ പാപ്പ തന്റെ ഏറ്റവും പുതിയ ചാക്രികലേഖനത്തിൽ നൽകിയിട്ടുള്ള പ്രബോധന ങ്ങൾ നാം ഗൗരവമായി കാണണം. സാങ്കേതികവിദ്യയുടെ പുരോഗ തിയെ സ്വാഗതം ചെയ്യുമ്പോൾ തന്നെ, അവ മനുഷ്യന്റെ ധാർമ്മിക മൂല്യങ്ങളെയും ആത്മാവിനെയും ഹനിക്കുന്ന രീതിയിലേക്ക് തരം താഴരുത് എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. സാങ്കേതിക വിദ്യയുടെ അടിമകളാകാതെ, കൃത്രിമബുദ്ധിയെ മനുഷ്യത്വത്തിന്റെ നന്മയ്ക്കായും സുവിശേഷ പ്രഘോഷണത്തിനായും വിവേകപൂർവ്വം

ഉപയോഗപ്പെടുത്താൻ നമ്മുടെ യുവജനങ്ങൾക്ക് ആത്മീയ ജ്ഞാനമുണ്ടാകണം.

രാഷ്ട്രനിർമ്മിതിക്കായി സഭ നല്കുന്ന സംഭാവനകളെ കൂടുതലായി മനസിലാക്കി, നീതിക്കും സമത്വത്തിനും വേണ്ടിയും പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിന് വേണ്ടിയും കൂടുതൽ പ്രവർത്തനനിരതരാകാൻ യുവജന സംഘടനകൾ മുന്നോട്ട് വരണം. അതോടൊപ്പം തന്നെ, നമ്മുടെ രാജ്യത്ത് സഭയ്ക്കും സഭാമക്കൾക്കും ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷ അവകാശങ്ങളും ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സഭാനേതൃത്വത്തോടൊപ്പം യുവജനങ്ങളും ജാഗ്രത പുലർത്തണം. ശൂന്യമാകുന്ന നമ്മുടെ ഭവനങ്ങൾ, രാഷ്ട്രീയ സാമൂഹിക മേഖലകളിലെ പ്രാതിനിധ്യ കുറവ്, നിഷേധിക്കപ്പെടുന്ന ഭരണഘടനാപരമായ അവകാശങ്ങൾ, വർദ്ധിച്ചുവരുന്ന മതപരമായ അസഹിഷ്ണുതയും ക്രൈസ്തവർ നേരിടുന്ന വിവേചനങ്ങളും ആക്രമണങ്ങളും തുടങ്ങി ഭാരത സഭ അഭീമുഖീകരിക്കുന്ന വെല്ലുവിളികളിൽ നിഷ്ക്രിയരായിരിക്കാതെ ക്രിയാത്മക ഇടപെടൽ നടത്താൻ യുവജന സംഘടനകൾ മുന്നിട്ടിറങ്ങണം.

കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ പഠിച്ച ബഹുമാനപ്പെട്ട ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കി കിട്ടുന്നതിനായി നാം തുടർച്ചയായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഈ റിപ്പോർട്ടുമായി ബന്ധപ്പെട്ട അവകാശങ്ങൾ നേടിയെടുക്കാനും, ന്യൂനപക്ഷ സ്കോളർഷിപ്പുകളും മറ്റ് ആനുകൂല്യങ്ങളും അർഹരായ യുവജനങ്ങളി ലേക്ക് എത്തിക്കാനും നമ്മുടെ യുവജന സംഘടനകൾ ആത്മാർത്ഥമായി പ്രയത്നിക്കണം.

ക്രൈസ്തവ ജീവിത ദർശനം എപ്പോഴും ഉദാത്തമായ ഭാവങ്ങളെയാണ് ഉൾക്കൊള്ളുന്നത്. കഴിഞ്ഞ വർഷങ്ങളിൽ ലഹരിക്കെതിരെയുള്ള ശക്തമായ പോരാട്ടങ്ങളിൽ ഏർപ്പെട്ടവരാണ് നമ്മുടെ യുവജനങ്ങൾ. അത്തരം പോരാട്ടങ്ങൾ ശക്തമായി തുടരുന്നതിനോടൊപ്പം തന്നെ, കലാ-കായിക മണ്ഡലങ്ങളിൽ യുവജനങ്ങളെ

ചേർത്തുനിർത്തുന്നതിനുള്ള പദ്ധതികൾക്ക് യുവജന സംഘടനകൾ നേതൃത്വം നൽകണം. നാശത്തിലേക്ക് നയിക്കുന്ന ലൗകിക ലഹരികൾക്ക് പകരമായി, ക്രിസ്തുവിലും അവിടുത്തെ സുവിശേഷത്തിലും അധിഷ്ഠിതമായ ഒരൊറ്റ 'ആത്മീയ ലഹരി' എല്ലാവരിലും വേരുറയ്ക്കണമെന്നാണ് തിരുസഭ ആഗ്രഹിക്കുന്നത്. ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെ ആനന്ദമാണ് യുവത്വത്തിന്റെ യഥാർത്ഥ ലഹരി. സ്നേഹത്തിൽ അധിഷ്ഠിതമായി നന്മ ചെയ്യുന്നതിനുള്ള ആവേശം നമ്മെ കീഴടക്കണം.

ഈ വർഷത്തെ കെ.സി.ബി.സി. സംസ്ഥാനതല യുവജനദിനാഘോഷങ്ങളും ആചരണങ്ങളും ഇടുക്കി രൂപതയുടെ ആതിഥേയത്വത്തിൽ മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ വെച്ചാണ് നടത്തപ്പെടുന്നത്. ജൂലൈ 5-ാം തീയതി നടക്കുന്ന ഈ സംസ്ഥാനതല സംഗമത്തിന്റെ വിജയത്തിനായി നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യാം.

യുവജനദിനമായ ജൂലൈ 5-ാം തീയതി കേരളത്തിലെ എല്ലാ രൂപതകളിലും ഇടവകകളിലും പ്രത്യേകമായി യുവജനങ്ങളെ അനുസ്മരിക്കേണ്ടതാണ്. അവർക്കായി പ്രത്യേക പ്രാർത്ഥനകൾ ക്രമീകരിക്കാനും, യുവജനങ്ങൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ തക്കവണ്ണമുള്ള അവസരങ്ങൾ നൽകി ഇടവക-രൂപതാതലങ്ങളിൽ ഈ ദിനം മനോഹരമായി ആഘോഷിക്കാനും ശ്രദ്ധിക്കുമല്ലോ.

യുവജനദിനത്തോടനുബന്ധിച്ച് നമ്മുടെ ദേവാലയങ്ങളിൽ എടുക്കുന്ന പ്രത്യേക സ്തോത്രകാഴ്ച കേരളസഭയിൽ യുവജനങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി നൽകേണ്ടതാണ്. നമ്മുടെ യുവതലമുറയുടെ ആത്മീയവും സാമൂഹികവുമായ വളർച്ചയ്ക്കായുള്ള പദ്ധതികൾക്ക് കരുത്തുപകരാൻ ഈ സ്തോത്രകാഴ്ച പതിവുപോലെ കെസിബിസിയുടെ കേന്ദ്ര കാര്യാലയമായ പിഒസിയിലേക്ക് അയച്ചുതരണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ യുവതലമുറ ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പുമായി മാറട്ടെ. ആധുനിക കാലഘട്ടത്തിലെ സൈബർ പ്രലോഭനങ്ങളുടെ മധ്യത്തിലും വിശുദ്ധിയോടെ ജീവിച്ച വിശുദ്ധ കാർലോ അക്യുട്ടിസിന്റെയും പരിശുദ്ധ അമ്മയുടെയും മധ്യസ്ഥം നമ്മുടെ യുവജനങ്ങൾക്ക് എന്നും കാവലായിരിക്കട്ടെ.

**ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ബിഷപ് ഡോ. ഡെന്നീസ് കുറുപ്പശ്ശേരി**
*(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)*

**ബിഷപ് യൂഹാനോൻ മാർ അലക്സിയോസ്**
*(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)*

## CIRCULAR - 12

# കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ 15–ാം ചരമവാർഷികം

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

വരാപ്പുഴ അതിരൂപതയുടെ മൂന്നാമത്തെ ഏതദ്ദേശീയ മെത്രാപ്പോലീത്ത ആയിരുന്ന അഭിവന്ദ്യ കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ് ദിവംഗതനായിട്ട് 2026 ആഗസ്റ്റ് 7–ാം തീയതി പതിനഞ്ച് വർഷം തികയുകയാണ്. പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് **ആഗസ്റ്റ് 7–ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 5.30 ന്** നമ്മുടെ സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ ദൈവാലയത്തിൽവച്ച് അനുസ്മരണ ദിവ്യബലി, ഒപ്പീസ് മുതലായ തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്ന എല്ലാവരും പ്രസ്തുത തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന് അഭിവന്ദ്യ കൊർണേലിയൂസ് പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എറണാകുളം
**28.06.2026**

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

## CIRCULAR - 13

## വൈദികരുടെ വാർഷിക ധ്യാനം – കൂരിയ അവധി

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് **2026 ജൂലൈ 19 മുതൽ 24 വരെയും ജൂലൈ 26 മുതൽ 31 വരെയും** കൂരിയ അവധിയായിരിക്കുന്നതാണെന്ന് അറിയിക്കുന്നു.

എറണാകുളം
28.06.2026

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

## NOTIFICATION - 7
## TRANSFERS & APPOINTMENTS

1. **Rev. Fr. Antony Karippatt**
   Parish Priest, Nativity of Our Lady Church
   Muttinakam - 683 517.

2. **Rev. Fr. Antony Komaranchath**
   Associate Director, Lourdes Hospital
   Pachalam, Cochin - 682 012.

3. **Rev. Fr. Antony Vellayil**
   Parish Priest , St. Antony's Church
   Nedumbassery, Athany, Cochin – 683585

4. **Rev. Fr. Augustine Isaac Kurisinkal**
   Retirement, Avilabhavan, Chembumukku
   Kakkanad, Cochin - 682 021

5. **Rev. Fr. Dominic Kanappilly**
   Parish Priest, St. Francis Xavier's Church
   Aluva - 683 101.

6. **Rev. Fr. Fostin Fernandez**
   Ministry, USA

7. **Rev. Fr. Francis D'Silva**
   Parish Priest, St. Augustine's Church
   Moolampilly - 682 027.

8. **Rev. Fr. George Jithu Vattappilly**
   Director, Vianney Home Minor Seminary
   Initiation Centre, Kalamassery - 682 022.

9. **Rev. Fr. George Kalathiparambil**
Parish Priest, Our Lady of Dolours Church
Thuthiyoor - 682 030.

10. **Rev. Fr. George Sequera**
Parish Priest, St. Jude Thaddeus Church
Ettekar, Edathala - 683 564.

11. **Rev. Fr. Vimal Francis Pandaraparambil**
Director, Lourdes Hospital
Pachalam, Cochin - 682 012.

12. **Rev. Fr. Jobin Panikulam**
Parish Priest, Our Lady of Velankanny Church
Charianthuruth, Varappuzha P.O. - 683 517.

13. **Rev. Fr. Josemon George Pazhanilath**
Parish Priest, St. Antony's Church
Eloor - 683 501.

14. **Rev. Fr. Joseph Antony Palliparambil**
Parish Priest, St. Sebastian's Church
Madavana. Panangad P.O.Pin - 682506.

15. **Rev. Fr. Joseph Benny Karingatt** (On Leave)
C/o Latin Archbishop's House, Marine Drive
Kochi - 682031

16. **Rev. Fr. Joseph Collins Elanjikkal**
Parish Priest, St. Jude Thaddeus Church
Unichira, Cochin - 682 033.

17. **Rev. Fr. Justin Attullil**
Parish Priest, St. Joseph's Church
Neerikode - 683 511.

18. **Rev. Fr. Koshy Mathew Chellath**
Secretary to the Archbishop & to the Auxiliary Bishop
Latin Archbishop's House
Post Box No. 2581, Cochin - 682 031
& Associate Archivist & Postulator,
Cause of Servant of God Archbishop of Joseph Attipetty

19. **Rev. Fr. Smijo George Kalathiparambil**
Parish Priest , St. Sebastian's Church
Perumalpady, Elamkunnappuzha - 682 505
& Associate Judicial Vicar, Metropolitan Tribunal

20. **Rev. Fr. Shine Jose Chilangara**
Judicial Vicar, Metropolitan Tribunal
& Priest in Residence, Infant Jesus Church, Ernakulam

21. **Rev. Fr. Leneesh Jose Manakil**
Parish Priest, Lourde Matha Church
Thevakkal, Cochin - 682 021

22. **Rev. Fr. Manuel Lopez** (On Leave)
C/o Latin Archbishop's House
Marine Drive, Kochi - 682031

23. **Rev. Fr. Mathew Jomson Thottunkal**
Parish Priest, St. Joseph's Church
Manakkapady, Karumalloor PO Pin - 683 511.

24. **Rev. Fr. Prasad Jose Kanappilly**
Director, Youth Commission &
Associate Director, Aswas Counseling Centre

25. **Rev. Fr. Rocky Kollamparambil**
Parish Pries, St. Thomas Church
Kuttikkattukara, P.O.Udyogamandal - 683 504.

26. **Rev. Fr. Sebastian Vattaparambil** (On Leave)
Avilabhavan

27. **Rev. Fr. Shinoj Raphael Aranchery**
Priest in Charge, Christ the King Church
Eloor North, Cochin - 683 501

28. **Rev. Fr. Stanley Mathirappilly**
Parish Priest, Mount Carmel Church
Mamangalam, Cochin - 682 025.

29. **Rev. Fr. Tijo Thomas Kolothumveettil**
Priest in Charge, St. Peter's Church
Boat Jetty Road, Vaduthala 682023
& Chaplain, Lourdes Hospital

30. **Rev. Fr. Joseph Biju Kalloor**
Priest in Charge, St. George's Church
Manamthadam, Puthencruz - 682308

31. **Rev. Fr. Xavier Sajan Padiyaramparambil**
Parish Priest, Lourdu Matha Church
Elamakkara-682 026

32. **Rev. Fr. Bevin Thomas Kalloor**
Priest in Charge, St. Maximillian Kolbe Church
Kolbe Nagar, Thoosam Koonammavu - 683518
& Asst. Director, Lourdes Hospital

33. **Rev. Fr. Raphael Stinil Chanassery**
Priest in Charge, St. Antony's Church
Chirayam - 682032
& Archdiocesan Promoter of KCYM

34. **Rev. Fr. William Charles Thaikkoottathil**
Asst. Parish Priest, Mount Carmel Church
Chathiath, Cochin - 682 012.

35. **Rev. Fr. Emmanuel Azure Panakal**
Studies, Rome

36. **Rev. Fr. Alan Antony Puthiyakulangara**
Asst. Parish Priest, Little Flower Church
Pottakuzhy, N. Kaloor - 682 017

37. **Rev. Fr. George Romio Puthenpurakkal**
Asst. Parish Priest, St. Raphael's Church
Thykoodom, Cochin - 682 019.

38. **Rev. Fr. Jeffin Joseph Kattuparambil**
Asst. Parish Priest, St. John the Baptist Church
Palarivattom, Cochin - 682 025

39. **Rev. Fr. Allphin Antony Kochuveettil**
Studies, Dharmaram College, Bengaluru

40. **Rev. Fr. Antony Ponvlelil OCD**
Parish Priest, Immaculate Conception Church
Manjummel - 683 501.

41. **Rev. Fr. Thaddevoos Mundanchery OCD**
Rector & Parish Priest
Basilica of Our Lady of Mount Carmel & St. Joseph,
Varappuzha - 683 517.

42. **Rev. Fr. Joseph Manuval OCD**
Priest in Charge, Unnimisiha Church
Kuthiathode P.O.Thelathuruthu - 683 594.

43. **Rev. Fr. Antony Anson Mukkath OCD**
Asst. Parish Priest, Basilica of Our Lady of Mount Carmel
& St. Joseph, Varappuzha - 683 517.

44. **Rev.Fr. Jojo Antony Charamkulath, OCD**
Asst. Parish Priest, Immaculate Conception Church
Manjummel - 683 501.

45. **Rev. Fr. Thomas Joseph (Jovin) OSA**
Parish Priest, Mary Queen Help of Christians Church
Mariapuram, Choornikkara
Thaikattukara P.O., Aluva - 683 106.

46. **Rev. Fr. Sharmin Jose SCJ**
Priest-in-Residence, St. Sebastian's Church,
Chalikkavattom, Vennala P.O, Cochin - 682028.

Ernakulam
28.06.2026

**Chancellor**
Archdiocese of Verapoly

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21